**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 442** **21-03-2025 - ൽ മറുപടിയ്ക്ക്**

**വന്യമൃഗാക്രമണങ്ങളിൽ വളർത്തുമൃഗങ്ങൾക്ക നാശനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ വളർത്തുമൃഗങ്ങൾ കൊല്ലപ്പെടുകയും ഗുരുതരമായി മുറിവേൽക്കപ്പെടുകയും ചെയ്യുന്ന സംഭവങ്ങളിൽ കർഷകർക്കുള്ള ആശങ്ക പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ വളർത്തുമൃഗങ്ങൾ കൊല്ലപ്പെടുന്നത് മൂലം നഷ്ടം സംഭവിക്കുന്ന അവസരങ്ങളിൽ ഇൻഷുറൻസ് തുകയോ, ജില്ലാ കളക്ടറുടെ ധനസഹായമോ ലഭിക്കാത്ത, ദുരിത ബാധിതരായ എല്ലാ കർഷകർക്കും മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്തനിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽ നിന്നും 28-09-2024 ലെ സ.ഉ.(സാധാ) നം.535/2024/AHD നമ്പർ ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.<br><br>വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ വളർത്തുമൃഗങ്ങൾ കൊല്ലപെടുകയും ഗുരുതരമായി മുറിവേൽക്കപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ വനം വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. എല്ലാ വനം ഡിവിഷനുകളിലും Divisional Forest Emergency Operations Centre (DFEOC) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജനവാസ മേഖലകളിൽ എത്തിച്ചേരുന്ന വന്യമൃഗങ്ങളെ ക്യാമറ ട്രാപ്പ്, ഡ്രോൺ, ലൈവ് ക്യാമറ എന്നിവ ഉപയോഗിച്ച് കണ്ടെത്തി, RRT/വാച്ചർമാരുടെ സഹായത്തോടെ തിരികെ കാട്ടിലേക്ക് മടക്കി അയക്കുകയും ആവശ്യമുള്ളപക്ഷം കൂട് വച്ച് പിടികൂടി ഉൾക്കാട്ടിൽ തുറന്നുവിടുകയും ചെയ്യാറുണ്ട്. വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്ന വളർത്തുമൃഗങ്ങളുടെ ഉടമസ്ഥർക്ക് വനം വകുപ്പും ചട്ടപ്രകാരമുള്ള നഷ്ടപരി-ഹാരം നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വനപ്രദേശത്തോടു ചേർന്ന പ്രദേശങ്ങളിൽ മേയുന്നതിനായി വിടുന്ന കന്നുകാലികളും മറ്റ് വളർത്തു മൃഗങ്ങളും വിഷപാമ്പുകളുടെ കടിയേറ്റ് ചാകുന്നതായി റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ കർഷകരെ ബോധവൽക്കരിക്കുന്നതിനും വളർത്തുമൃഗങ്ങളുടെ നാശനഷ്ടം പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കർഷകർക്ക് ആവശ്യമായ സാഹചര്യങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ നയിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ നിന്നും വെറ്ററിനറി സർജന്മാരുടെ സേവനം അനുവദിച്ചുനൽകാറുണ്ട്.<br><br>വന്യമൃഗങ്ങളുടെ ആക്രമണം, പാമ്പ്കടി എന്നിവ മൂലം ഉരുക്കൾ മരണപ്പെട്ട് നഷ്ടം സംഭവിച്ച അവസരങ്ങളിൽ ഇൻഷ്വറൻസ് തുകയോ, ജില്ലാ കളക്ടറുടെ ധനസഹായമോ ലഭിക്കാത്ത, ദുരിത ബാധിതരായ എല്ലാ കർഷകർക്കും മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്തനിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽ നിന്നും 28-09-2024 ലെ സ.ഉ.(സാധാ) നം.535/2024/AHD നമ്പർ ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.<br><br>വന്യമൃഗങ്ങളുടെ സമീപ്യത്തെ കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിനും വനം വകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ട്. പൊതുജന സഹകരണം ഉറപ്പാക്കുന്നതിനും വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനുമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഡിജിറ്റൽ ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, ബ്രോഷറുകളും പാംലെറ്റുകളും വിതരണം ചെയ്യൽ, സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ നൽകൽ തുടങ്ങിയവ വനം വകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ